*പ്രസിദ്ധീകരണാർത്ഥം*

കേരള സാഹിത്യ അക്കാദമി
തൃശൂർ 21/11/2018

2018 ലെ കേരള സാഹിത്യ അക്കാദമി അവാർഡുകൾക്ക് ഗ്രന്ഥങ്ങൾ ക്ഷണിക്കുന്നു.

കേരള സാഹിത്യ അക്കാദമി അവാർഡുകൾക്കുള്ള ഗ്രന്ഥങ്ങൾ ക്ഷണിക്കുന്നു. 2015, 2016, 2017 വർഷങ്ങളിൽ ആദ്യപതിപ്പായി പ്രസിദ്ധീകരിച്ചിട്ടുള്ള കൃതികളാണ് 2018 ലെ അക്കാദമി അവാർഡിനും എൻഡോവ്മെന്റ് അവാർഡിനും പരിഗണിക്കുന്നത്. കവിത, നോവൽ, നാടകം, ചെറുകഥാസമാഹാരം, സാഹിത്യ വിമർശം, വൈജ്ഞാനികസാഹിത്യം (ശാസ്ത്ര മാനവിക വിഭാഗങ്ങളിൽപ്പെട്ട വിജ്ഞാന ഗ്രന്ഥങ്ങൾ), ജീവചരിത്രം (ആത്മകഥ-തൂലികാചിത്രങ്ങൾ), ഹാസസാഹിത്യം, ബാലസാഹിത്യം , യാത്രാവിവരണം, വിവർത്തനം എന്നിങ്ങനെ പതിനൊന്ന് സാഹിത്യ വിഭാഗങ്ങളിൽ അക്കാദമി അവാർഡുകൾ നല്കുന്നു. 25,000 /- രൂപയും സാക്ഷ്യപത്രവും അവാർഡ് ശില്പവുമാണ് സമ്മാനം.

ഈ അക്കാദമി അവാർഡുകൾക്ക് പുറമെ അഞ്ച് എൻഡോവ്മെന്റ് അവാർഡുകൾ ഉണ്ടായിരിക്കും. ഉപന്യാസം, വ്യാകരണം, വൈദിക സാഹിത്യം , വൈജ്ഞാനിക സാഹിത്യം, സാഹിത്യവിമർശം എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുന്ന ഗ്രന്ഥങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

ഇതിനുപുറമെ 35 വയസ്സിന് താഴെ ഉള്ളവർ രചിച്ച കഥ, കവിത, നാടകം എന്നീ ഗ്രന്ഥങ്ങൾക്ക് മൂന്ന് എൻഡോവ്മെന്റ് അവാർഡുകളും നല്കുന്നു. അവാർഡിന്റെ വിശദാംശങ്ങൾ അക്കാദമിയുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട് (www.keralasahityaakademi.org). ഇതിനുമുമ്പ് ഏതെങ്കിലും വിഭാഗത്തിൽ അവാർഡ് ലഭിച്ചവരുടെ ഗ്രന്ഥങ്ങൾ ആ വിഭാഗത്തിൽ പരിഗണിക്കുന്നതല്ല.

ഗ്രന്ഥകർത്താക്കൾക്കോ, അവരുടെ ബന്ധുക്കൾക്കോ, സുഹൃത്തുക്കൾക്കോ, പ്രസാധകർക്കോ, സാഹിത്യസാംസ്കാരിക സംഘടനകൾക്കോ, അവാർഡ് പരിഗണനക്കുള്ള പുസ്തകങ്ങൾ അയച്ചുതരാവുന്നതാണെന്ന് കേരള സാഹിത്യ അക്കാദമി സെക്രട്ടറി ഡോ. കെ.പി.മോഹനൻ അറിയിക്കുന്നു. മേൽപ്പറഞ്ഞ 3 വർഷങ്ങളിലെ കൃതികളുടെ 3 പ്രതികൾ വീതം **2018 ഡിസംബർ 31** -ന് മുമ്പ് സെക്രട്ടറി, കേരള സാഹിത്യ അക്കാദമി, ടൗൺ ഹാൾ റോഡ്, തൃശൂർ-20 എന്ന വിലാസത്തിൽ അയച്ചുതരാവുന്നതാണ്.

**ഡോ. കെ.പി.മോഹനൻ**
സെക്രട്ടറി.